ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

# മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

**നമ്പർ. DME/5216/2023-B3 (4)** **തീയതി: 11-01-2024**

## സർക്കുലർ

വിഷയം : മെ.വി.വ - അക്കാദമിക്ക് - പാരാമെഡിക്കൽ - വിവിധ പാരാമെഡിക്കൽ ഡിപ്ലോമ /ഡി.ഫാം/ഡി.എച്ച്.ഐ കോഴ്സ് കാലയളവിൽ വിദ്യാർഥികൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള അവധികളും കോഴ്സ് പുനർപ്രവേശന വ്യവസ്ഥകളും സംബന്ധിച്ച് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു .

സൂചന : 1. സ.ഉ (സാധാ) നം. 1657/2023/ആ.കു.വ തീയതി 10/7/2023

സൂചന പ്രകാരം അംഗീകരിക്കപ്പെട്ട വിവിധ പാരാമെഡിക്കൽ ഡിപ്ലോമ/ഡി.ഫാം/ഡി.എച്ച്.ഐ കോഴ്സ് പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിട്ടുള്ള ലീവുകളും കോഴ്സ് പുനർപ്രവേശന വ്യവസ്ഥകളും കർശനമായി പാലിക്കുന്നതിനായി പുറപ്പെടുവിക്കുന്നു. സർക്കാർ /സ്വാശ്രയ പാരാ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനമേധാവികൾ ചുവടെ പറയുന്ന വ്യവസ്ഥകൾക്കനുസരിച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**അനുവദിക്കപ്പെട്ടിട്ടുള്ള അവധികൾ**

**1. കാഷ്വൽ ലീവ്( ആകസ്മിക അവധി )**

1. ഒരു കലണ്ടർ വർഷത്തിൽ അനുവദിക്കാവുന്ന പരമാവധി അവധി ദിവസങ്ങൾ 20 ആണ്
2. ഒരു സമയം തുടർച്ചയായി എടുക്കാവുന്ന പരമാവധി കാഷ്വൽ ലീവ് 5 ആണ്.
3. കോഴ്സ് കോ-ഓർഡിനേറ്റർ /വകുപ്പ് മേധാവി എന്നിവർക്ക് പരമാവധി 3 ലീവുകളും പ്രിൻസിപ്പലിന് പരമാവധി 5 ലീവുകളും അനുവദിക്കാം .

**2. മെഡിക്കൽ ലീവ്**

1. അടിയന്തിര സ്വഭാവമുള്ള ആരോഗ്യപരമായ കേസുകളിൽ ബന്ധപ്പെട്ട പ്രിൻസിപ്പലിന് അംഗീകൃത മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ 30 ദിവസം വരെ അവധി അനുവദിക്കാവുന്നതാണ് .
2. മൂന്നംഗ മെഡിക്കൽ ബോർഡിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 31 മുതൽ 180 ദിവസം വരെയുള്ള മെഡിക്കൽ അവധി മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർക്കും 180 ദിവസത്തിന് മുകളിൽ ഉള്ള അവധി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും അനുവദിക്കാവുന്നതാണ്.

**3. പ്രസവാവധി**

1. അനുവദിക്കപ്പെടുന്ന പരമാവധി പ്രസവാവധി 180 ദിവസമാണ്. സ്ഥാപന മേധാവിക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാം. കൂടാതെ 180 ദിവസത്തിന് മുകളിലുള്ള അവധികൾ ജോയിന്റ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് പ്രത്യേക സാഹചര്യങ്ങളിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ് . ഇതിലേക്ക് സ്ഥാപനമേധാവി ശുപാർശ ചെയ്ത അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും പുനപ്രേവേശനത്തിന് മുൻപായി DME ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ് .

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അവധികൾ, പ്രസവാവധി ഉൾപ്പെടെ ഹാജർ ആയി കണക്കാക്കില്ല. അവധി ദിനങ്ങൾക്ക് പകരം ക്ലാസ് / ഡ്യൂട്ടി / പോസ്റ്റിങ്ങ് / പ്രാക്ടിക്കൽ / ലാബ് എന്നിവയിൽ ബാധകമായത് കോഴ്സ് എക്സ്റ്റൻഷൻ മുഖേന പൂർത്തികരിക്കേണ്ടതാണ്. അവധി, എക്സ്റ്റൻഷൻ ഉത്തരവുകൾ പ്രിൻസിപ്പൽ തലത്തിൽ പുറപ്പെടുവിക്കേണ്ടതാണ്. പരീക്ഷയ്ക്ക് 80% ഹാജർ നിർബന്ധമാണ്.

ഡയറക്ടറേറ്റിലേക്ക് അയക്കുന്ന അവധി അപേക്ഷകളില് കോഴ്സിൽ പ്രവേശിച്ച തിയതി, അവധി തുടങ്ങിയതും അവസാനിച്ചതുമായ തിയതികൾ, ആകെ അവധി ദിവസം,മേലധികാരിയുടെ ശുപാർശ, ഒർജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ന്യൂനതകൾ ഉള്ളതും മേൽ വിവരങ്ങൾ ഇല്ലാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

**പുനർ പ്രവേശനത്തിനുള്ള വ്യവസ്ഥകൾ**

I/206264/2024

1. ന്യായമായ ആരോഗ്യപരമായ കാരണങ്ങളല്ലാതെ ഒരു കാരണവശാലും കോഴ്സ് ഉപേക്ഷിക്കുന്നവർക്ക് പുനർപ്രവേശനം
2. കോഴ്സ് പൂർത്തിയാക്കാനുള്ള പരമാവധി സമയം കോഴ്സിന് അനുവദിക്കപ്പെട്ടിട്ടുള്ള സമയപരിധിയുടെ ഇരട്ടിയായിരിക്കും.
3. നിശ്ചിത കോഴ്സ് കാലയളവിന്റെ ഇരട്ടി കാലയളവിനുശേഷം കോഴ്സിൽ വീണ്ടും ചേരാൻ അനുവദിക്കില്ല. കോഴ്സിന്റെ ഇ

വിശ്വസ്തതയോടെ,

Signed by
Anita Balan
Date: 11-01-2024 13:13:30

ANITA BALAN
JOINT DIRECTOR (GENERAL)